പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6562 — 12.07.2012 ൽ മറുപടിയ്ക്ക്

## ബി.പി.എൽ. ലിസ്റ്റിലുള്ളവർക്ക് അപേക്ഷിച്ച ഉടൻ വൈദ്യുതി കണക്ഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സാജുപോൾ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് അപേക്ഷിച്ച ഉടൻ വൈദ്യുതി കണക്ഷൻ ലഭിക്കാൻ കേരളത്തിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ, വിശദവിവരം നൽകാമോ; | (എ) | ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവർക്ക് 500 വാട്ട്സിന് താഴെ കണക്ടഡ് ലോഡുള്ളതും ലൈൻ നീട്ടൽ ആവശ്യമില്ലാത്തതുമായ വൈദ്യുതി കണക്ഷനുകൾ ഉടനെ തന്നെ നൽകുവാൻ സംവിധാനമുണ്ട്.<br>ലൈൻ നീട്ടൽ ആവശ്യമുള്ള ബി.പി.എൽ വിഭാഗത്തിൽപ്പെടുന്നവരുടെ വൈദ്യുതി കണക്ഷനുകൾ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നുണ്ട്. ആർ.ജി.ജി.വി.വൈ. പദ്ധതി വടക്കൻ ജില്ലകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. 7 തെക്കൻ ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഒന്നാം ഘട്ടം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) 2012 മെയ് 31 വരെയുള്ള കാലയളവിൽ അപേക്ഷിച്ച ബി.പി.എൽ. വിഭാഗത്തിൽ പ്പെട്ടവരിൽ എത്ര പേർക്ക് ഇനി കണക്ഷൻ നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2012 മെയ് 31-ലെ കണക്കനുസരിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 1792 അപേക്ഷകർക്ക് കണക്ഷൻ നൽകുവാനുണ്ട്. |

(....2)

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് എത്ര ഇലക്ട്രിക് പോസ്റ്റ് വരെ സൗജന്യമായി നൽകുന്നുണ്ട്; | (സി) | ബി.പി.എൽ. കുടുംബത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ലൈൻ നീട്ടൽ ആവശ്യമെങ്കിൽ പ്രസ്തുത കണക്ഷന് ആവശ്യമായ അത്രയും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ആർ.ജി.ജി.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി ചെയ്യുന്നുണ്ട്. |
| (ഡി) | ഈ വിഭാഗക്കാർക്ക് അപേക്ഷിച്ച ഉടൻ കണക്ഷൻ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ? | (ഡി) | ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവർക്ക് ലൈൻ നീട്ടൽ ആവശ്യമുള്ള വൈദ്യുതി കണക്ഷനുകൾ നൽകുവാൻ വേണ്ടിയുള്ള ഒരു പ്രത്യേക പദ്ധതി കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ